58. “അല്പബുദ്ധികളെ മ്ശിഹ പീഡ അനുഭവിക്കുകയും ഉയിർക്കു കയും ചെയ്യേണ്ടതല്ലേ...?”

**വാക്യം എഴുതുക** **3x2=6**

59. വി.മത്തായി 7:12 60. പ്രക്സിസ് 11:16

**ഖണ്ഡിക എഴുതുക.** (ഏതെങ്കിലും രണ്ടെണ്ണം) **4x2=8**

61. വി.കൂദാശകൾ എന്നാൽ എന്ത് ? എത്ര ?
62. ബെത്ഹെസ്ദ കുളവും അത്ഭുതങ്ങളും.
63. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന ഒന്നു മുതൽ നാലുവരെയുള്ള കല്പനകൾ.

**ഗീതം പൂരിപ്പിക്കുക. (8 വരി)** **6**

64. കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ ....................
................................................ ശരീരാത്മാക്കൾ പാടണമെ.

**പ്രാർത്ഥന പൂർത്തിയാക്കുക.** **8**

65. കന്യകയായ ദൈവമാതാവേ ...........
............................ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

**ഉപന്യാസം എഴുതുക** (ഏതെങ്കിലും ഒരെണ്ണം ) **10x1=10**

66. നിഖ്യാ, കുസ്തന്തീനോസ്പോലീസ്, എഫേസൂസ് സുന്നഹോദോസുകൾ വിളിച്ചു കൂടുവാനിടയായ കാരണങ്ങളും അതിലെ തീരുമാനങ്ങളും.

**അല്ലെങ്കിൽ**

67. പുറജാതിക്കാരിയായ രൂത്തിനെ, ബോവാസ് വീണ്ടെടുത്ത സംഭവത്തിന്റെ വെളിച്ചത്തിൽ, യേശുക്രിസ്തു മൂലമുള്ള രക്ഷയും വീണ്ടെടുപ്പും വ്യക്തമാക്കുക.

# M.J.S.S.A. വാർഷിക പരീക്ഷ - 2022

**Class VI** **Marks - 100**
**Time - 2.30 Hrs**

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** **1x10= 10**

1. ബെത്ഹെസ്ദാ കുളം എവിടെയാണ് സ്ഥിതി ചെയ്യുന്നത്. (ഗലീല, യരുശലേം, നസ്രത്ത് )
2. ശത്രുവിനോട് എത്ര പ്രാവശ്യം ക്ഷമിക്കണം എന്നാണ് യഹൂദന്മാർ പഠിപ്പിച്ചിരുന്നത്. (മൂന്ന്, ഏഴ്, ഒൻപത്)
3. എമ്മാവോസിലേയ്ക്ക് പോയ ശിഷ്യന്മാരിൽ ഒരാൾ. (യോഹന്നാൻ, യാക്കോബ്, ക്ലെയോപ്പാവ്)
4. പ്രക്സീസിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രസംഗങ്ങളിൽ ഏറ്റവും ദീർഘമായത് ആരുടേത്. ( പൗലോസ്, സ്തേഫാനോസ്, പത്രോസ്)
5. പത്ത് കല്പനകളിൽ, ദൈവത്തേയും മനുഷ്യനേയും കൂട്ടിയിണക്കുന്ന കല്പനയേത്. (മൂന്നാമത്തേത്, നാലാമത്തേത്, അഞ്ചാമത്തേത് )
6. അഹറോന് പകരം പുരോഹിതനായത് ആര്. (എലെയാസർ, നാദാബ്, അബീഹു)
7. കത്തോലിക്ക വിശ്വാസം അടിച്ചേൽപ്പിച്ച സുന്നഹദോസ്. (നിഖ്യ, ഉദയംപേരൂർ സുന്നഹദോസ്, എഫേസൂസ്)
8. ഏഴു കൂദാശകളിൽ നിർബന്ധമില്ലാത്ത കൂദാശകളിൽ ഒന്ന്. (വി.പട്ടത്വം, വി.മൂറോൻ, വി.കുർബ്ബാന)
9. എ.ഡി. 1653 ൽ മട്ടാഞ്ചേരിയിൽ നടന്ന പ്രഖ്യാപനം. (ഉദയംപേരൂർ സുന്നഹദോസ്, കൂനൻകുരിശ് സത്യം, മുളന്തുരുത്തി സുന്നഹദോസ്)
10. മറിയാമിനെ ദൈവമാതാവ് എന്ന് വിളിക്കുന്നത് ശരിയെന്ന് തീരുമാനമെടുത്ത പൊതുസുന്നഹദോസ്. (നിഖ്യാ, കുസ്തന്തീനോസ്പോലീസ്, എഫേസൂസ്)

**പേരെഴുതുക.** **1x10= 10**

11. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന തുപ്പട്ടിയുടെ ദർശനമുണ്ടായത് ആർക്ക്.
12. രൂത്തിനെ ഉത്തമസ്ത്രീ എന്ന് വിളിച്ചതാര്.
13. “മഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവെ” എന്ന് ആരംഭിക്കുന്ന പ്രാർത്ഥന രചിച്ചതാര്.
14. ഇസ്രായേലിന്റെ വീരനായികയായ യൂദിത്തിനെപ്പോലെ, പഴയനിയമ കാലത്തെ മറ്റൊരു വനിത.

15. ഏത് തോട്ടിനരികെയാണ് ഏലിയാവ് ഒളിച്ച് പാർത്തിരുന്നത്.
16. യാക്കോബായ സുറിയാനി സഭയുടെ ഇന്ത്യയിലെ ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്ക ബാവ.
17. ഏത് മാളികയിൽ വച്ചാണ് കർത്താവ്, വിശുദ്ധ കുർബ്ബാന സ്ഥാപിച്ചത്.
18. പത്തുകല്പനകൾ ഏത് മലയിൽ വച്ചാണ്, ദൈവം മോശയ്ക്ക് നല്കിയത്.
19. അന്ത്യോഖ്യായുടെ മോർ മിലിത്തിയോസ് പാത്രിയർക്കീസ് അദ്ധ്യക്ഷനായിരുന്ന പൊതുസുന്നഹദോസ്.
20. കൂദാശകളുടെ രാജ്ഞി എന്നറിയപ്പെടുന്ന കൂദാശ.

**ശരിയോ തെറ്റോ എന്ന് എഴുതുക. 1x10=10**

21. പത്തു കല്പനകൾ എഴുതിയ പലക ദൈവത്തിന്റെ പണിയും, പലകയിൽ പതിഞ്ഞ എഴുത്ത് ദൈവത്തിന്റേതുമായിരുന്നു.
22. യേശുവിന്റെ കാലത്തും അഹറോന്റെ കുടുംബത്തിലുള്ളവരെയാണ് പുരോഹിതന്മാരായി നിയമിച്ചിരുന്നത്.
23. ഗിദയോൻ, മിദ്യാനിൽ ഒരു കരുവേലകത്തിന്റെ കീഴിലിരുന്ന് ഗോതമ്പ് മെതിക്കുന്ന സമയം, കർത്താവിന്റെ ദൂതൻ അവന് പ്രത്യക്ഷനായി.
24. ജൂലൈ 26, ലോക ലഹരിവിരുദ്ധദിനമായി ആചരിക്കുന്നു.
25. യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞപ്പോൾ, കുറ്റബോധത്തോടെ ഏറ്റവും ദുഃഖിച്ച് കരഞ്ഞവനായിരുന്നു വി.പത്രോസ് ശ്ലീഹ.
26. ബഹു. ഷിബു കുറ്റിപറിച്ചേൽ അച്ചൻ, തന്റെ കിഡ്നി, ഒരു മുസ്ലീം യുവതിക്ക് ദാനം ചെയ്തു.
27. വി.സഭയിലെ ആദ്യരക്തസാക്ഷി, വി.യാക്കോബ് ശ്ലീഹാ ആയിരുന്നു.
28. മോർ സേവേറിയോസ്, തെല്ലായിലെ തെയോഫിലോസ് കശ്ശീശയുടെ മകനായി ജനിച്ചു.
29. റോമൻ ആധിപത്യത്തിന് മുമ്പ്, മലങ്കര സഭയിൽ ഭരണം നടത്തിയിരുന്നത് അർക്കദിയാക്കന്മാരായിരുന്നു.
30. യേശു പറഞ്ഞ 'യജമാനനും രണ്ട് കടക്കാരും' എന്ന ഉപമയിലെ ഒരു ദിനാർ എന്നത് ഏകദേശം 60 പൈസയാണ്.

**പുസ്തകത്തിലേതു പോലെ പൂരിപ്പിക്കുക. 1x10=10**

31. ആടുകൾ തെറ്റിപ്പോയാൽ, ഇടയന് യജമാനനോട് ................................ ബോധിപ്പിക്കേണ്ടതുണ്ട്
32. ഇതിനെയാണ് വി.കുമ്പസാരം എന്നു പറയുന്നത്. നിരപ്പിന്റെ .............. എന്നും ഇത് അറിയപ്പെടുന്നു.
33. അഹറോനെ വിശുദ്ധ വസ്ത്രം ധരിപ്പിച്ച് ............................. ചെയ്യുക



34. യേശു പ്രായത്തിലും ജ്ഞാനത്തിലും ദൈവമുമ്പാകെയും, മനുഷ്യരുടെ അടുക്കലും ..........................യിലും വളർന്നു വന്നു.
35. ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൈവത്തിന്റെ വലതുഭാഗത്തായി ......................... നില്ക്കുന്നതായും ഞാൻ കാണുന്നു.
36. മോശയും ഏലിയായും ................ വും നാല്പതു ദിവസം നോമ്പു നോറ്റു.
37. ഒരിക്കൽ .................. എന്ന നീചനായ അസ്സിറിയാ രാജാവ്, യിസ്രായേല്യരോട് യുദ്ധം പ്രഖ്യാപിച്ചു.
38. കാദേസ് എന്ന സുറിയാനി പദത്തിൽ നിന്നാണ് .................. യെന്ന വാക്ക് ഉണ്ടായത്.
39. എ.ഡി. 52 ൽ കേരളത്തിൽ വന്നിറങ്ങിയ ................. അനേകം പേരെ ക്രൈസ്തവ വിശ്വാസത്തിലേയ്ക്ക് നയിച്ചു.
40. നമ്മുടെ പ്രവൃത്തിവഴി ഉണ്ടാകുന്ന പാപങ്ങളെ ............... പാപങ്ങൾ എന്നു പറയുന്നു.

**ചേരുംപടി ചേർക്കുക. 1x10= 10**

| | |
|---|---|
| 41. വലകളുടെ ഗ്രാമം | - അഹറോൻ |
| 42. ഊബിദ് | - വി.ഫിലിപ്പോസ് |
| 43. വി.കുർബ്ബാന | - കൽക്കിദോൻ |
| 44. കുതിരയുടെ സ്നേഹിതൻ | - അന്ത്യോഖ്യാ സിംഹാസനം |
| 45. ലേവി ഗോത്രം | - ബേത്ത്സയിദാ |
| 46. ബേത്ലഹേം | - ബുർദ്ദാന |
| 47. എ.ഡി. 451 | - ലഹ്മോ |
| 48. തുകൽധാരി | - ദാവീദ് |
| 49. ഇസബേൽ | - ആഹാരവീട് |
| 50. എ.ഡി. 37 | - ആഹാബ് |

**അർത്ഥം അഥവാ പകരം പറയാവുന്ന പദം എഴുതുക. 1x4=4**

51. ഗിദയോൻ, 52. ബെഥേൽ, 53. കൂദാശ, 54. അഹറോൻ

**ആര് ആരോട് പറഞ്ഞു. 2x4=8**

55. "ഇനിയും നീ പാപം ചെയ്യരുത്. ആദ്യത്തേതിൽ കൂടുതലായി എന്തെങ്കിലും തിന്മപ്പെട്ടത്, നിനക്ക് സംഭവിച്ചേക്കും."
56. "യിസ്രായേലിന്റെ ദൈവമായ കർത്താവിന്റെ ചിറകിൻ കീഴെ ആശ്രയിപ്പാൻ വന്നിരിക്കുന്ന നിനക്കു അവൻ പൂർണ്ണ പ്രതിഫലം തരും."
57. "നീ എഴുന്നേറ്റ് സാരെഫാത്തിലേക്കു ചെല്ലുക."